പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2212 | 04.11.2019 -ൽ മറുപടിക്ക്

## വിശപ്പുരഹിത സംസ്ഥാനമാക്കാൻ പദ്ധതികൾ

| ചോദ്യം<br>**ശ്രീ.കെ.എം.ഷാജി** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) വിശപ്പ് രഹിത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) വിശപ്പ് രഹിത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനായിട്ടാണ് 2017-18 സാമ്പത്തിക വർഷം മുതൽ വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നടപ്പാക്കിയിട്ടുള്ള ടി പദ്ധതി മുഖേന അശരണരായ കിടപ്പ് രോഗികൾക്ക് ഭക്ഷണം വീട്ടിലെത്തിച്ച് നല്കുകയും സുഭിക്ഷ ഉച്ചഭക്ഷണ ശാലയിൽ നിന്നും അഗതികൾക്ക് സൗജന്യ കൂപ്പൺ മുഖേനയും മറ്റ് ആവശ്യക്കാർക്ക് 20/- രൂപ നിരക്കിലും ഊണ് നല്കി വരുന്നു. |
| (ബി) വിശപ്പ് രഹിത കേരളം പദ്ധതിക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) വിശപ്പ് രഹിത കേരളം പദ്ധതിക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ; | (സി) ഇല്ല; പദ്ധതി ക്രമമായി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ഈ പദ്ധതിയിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്നും ഇത് എത്രയായി വിപുലീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ? | (ഡി) ഈ പദ്ധതി ആലപ്പുഴ ജില്ലയിൽ രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. അശരണരായ കിടപ്പ് രോഗികൾക്ക് ഭക്ഷണം വീട്ടിലെത്തിച്ചു നല്കുന്ന പദ്ധതിയിൽ 70 പേർ നിലവിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ സുഭിക്ഷ ഉച്ചഭക്ഷണശാലയിൽ നിന്നും ദിവസവും 300 ഊണ് 20/- രൂപ നിരക്കിലും അഗതികൾക്ക് സൗജന്യ കൂപ്പൺ മുഖേനയും ഉച്ചഭക്ഷണം നല്കുന്നു. |

സെക്ഷൻ ഓഫീസർ